• കുറിപ്പ്

# പ്രതിരോധത്തിന്റെ സിനിമകൾ

**വി.എം. ഗിരിജ**

പ്രതിരോധത്തിന്റെ സിനിമകളാണ് പൊതുവെ തൃശൂർ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ കെട്ടുനൂൽ എന്നു തോന്നുന്നു. ക്ലാസ്സിക് ചിത്രങ്ങളുടെ തെരഞ്ഞെടുപ്പിൽ പോലും പ്രതിരോധ ചിത്രങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്.

ഇരുപത്തൊന്നാം തിയ്യതിയിലെ സിനിമകളിൽ 'ദ ട്രിംഫ് ഓഫ് ദ വിൽ' (റീഫെൻഷാൾ), 'പാഷൻ ഓഫ് ജോൻ ദി ആർക്ക്', 'ജോയ് ഓഫ് മാഡ്നസ്' എന്നിവയിൽ മുഴുവനും പ്രതിരോധത്തിന്റെയും മനുഷ്യാവകാശത്തിന്റെയും പ്രശ്നങ്ങളിൽ ഏതെങ്കിലും തരത്തിൽ ചെന്നുകൂടുന്നു. 'ജർമ്മിയെന്നാൽ ഹിറ്റ്ലറാണ്, ഹിറ്റ്ലറെന്നാൽ ജർമ്മനിയാണണ്' എന്ന മുദ്രാവാക്യം (റീഫെൻഷാൾ) ഇന്ത്യ കടന്നുപോന്ന പല അവസ്ഥകളെയും ഓർമ്മിപ്പിക്കും. നാസിസം എങ്ങനെ സാദ്ധ്യമായി എന്ന് നാം അമ്പരക്കുന്നതിനു പുറകെ കെൻ ഫെറോവിന്റെ 'ഇൻജസ്റ്റിസ്' മനുഷ്യരുടെ അധികാരം അടിച്ചമർത്തലിനെയും (നാസിസത്തെയും) ഒപ്പം പ്രതിരോധത്തെയും മനുഷ്യർ തന്നെ പടുത്തുയർത്തുന്നത് കാണിക്കുന്നു. 'ഇൻജസ്റ്റിസ്' അനീതിയുടേയും അനീതിയ്ക്ക് എതിരേയുള്ള പ്രതിരോധത്തിന്റെയും ഡോക്യുമെന്റേഷനാണ്. നല്ല സീറ്റിൽ ചാരിയിരുന്ന് ഉറക്കം തൂങ്ങി കാണുന്നവർക്ക് ഒരു പക്ഷേ അത് നീണ്ടതിൽ പരിഭവം തോന്നിയേക്കാം.

എന്നാൽ കസ്റ്റിഡിയിൽ മരിച്ചവരെ, കാണാതായവരെ പിന്തുടരുന്ന കുടുംബാംഗങ്ങളുടെയും പൗരപ്രവർത്തകരുടെയും യാതനയുടെ നീളം മരണംവരെയാണ്. രാജൻ സംഭവം നമ്മൾ സിനിമയിലാക്കിയത് എങ്ങനെയെന്ന് ഒന്ന് ആലോചിക്കുന്നതും കൊള്ളാം. ഇത്തരം സംഭവങ്ങളോട് നമ്മൾ പ്രതികരിക്കുന്നത് എങ്ങനെയെന്ന് സ്വയം വിചാരണ നടത്തിയാലും കൊള്ളാം.

"പോലീസ് പോലീസ്..." എന്ന ഗാനം "പോലീസ് ഞങ്ങൾക്ക് പുല്ലാണ്" എന്ന മുദ്രാവാക്യത്തെ ഓർമ്മിപ്പിക്കുന്നു.



ഒരു സ്ത്രീ പറയും പോലെ 'ഞാൻ പോലീസിനെ വെറുക്കുന്നു. പേടിക്കുന്നു, അവരുമായി ഒരിക്കലും കണ്ടുമുട്ടുവാൻ ഇടയാവരുതേ' എന്ന് പ്രാർത്ഥിക്കുന്നു. കറുത്ത വർഗ്ഗത്തിന്റെ (പ്രത്യേകിച്ച്) സ്ത്രീകളുടെ കൂട്ടായ്മയും ഞങ്ങൾ പോരാടുമെന്ന ദൃഢവിശ്വാസവും കെൻ ഫെറോ പകർന്നുതരുന്ന ഒരു പോസിറ്റീവ് കാര്യമാണ്.

കെൻ ഫെറോ ചിത്രങ്ങൾ ആദ്യമായാണ് കേരളത്തിൽ പ്രദർശിപ്പിക്കുന്നത്. പ്രതിരോധ ചിത്രങ്ങൾക്ക് മറ്റൊരു മാതൃകയേതെന്ന് മലയാളികൾക്ക് അറിയാൻ ഒരവസരം കൂടിയാണിത്.


**സമാന്തര യാത്രകൾ**

കെ.ആർ. മോഹനന്റെ സിനിമ

(പഠനം)

സി.എസ്. വെങ്കിടേശ്വരൻ

പേജ് 74, വില 60.00 രൂപ

ജനസംസ്കാര ചലച്ചിത്ര കേന്ദ്രം, തൃശൂർ-1



*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G. Centre

North Bus Stand, Thrissur-20

Ph : 2338983, 2331714

e-mail : trc_postgrad@sancharnet.in.

ADMISSION OPEN

MBA

MCA

MSc BIO-INFORMATICS

M.A. Journalism & Mass Communication

SENSORIUM

Machingal Lane, M.G. Road, THRISSUR.

Ph : 3093095, 2322368